# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അകത്തേത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം. കെ.എസ്.എ. പി.കെ.ഡി14/ 1441/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അകത്തേത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ. പി.കെ.ഡി14/ 1441/22 തീയ്യതി: 14/07/2022

## പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2021 മുതൽ 20-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ. ശശിഭൂഷൺ. | ഡെപ്യൂട്ടി ഡയറക്ടർ. | 21-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബിജു ആന്റണി.യു., ഓഡിറ്റ് ഓഫീസർ,
ശ്രീമതി. ശബ്നദാസ് .എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
സന്ദീപ്.കെ.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സദാശിവൻ. ഡി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി. സുനിത അനന്തകൃഷ്ണൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ആനന്ദ്.എം. | സെക്രട്ടറി | 01-04-2020 | 18-06-2020 |
| ബിന്ദു .കെ.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-06-2020 | 28-06-2020 |
| ആനന്ദ്.എം. | സെക്രട്ടറി | 29-06-2020 | 03-07-2020 |
| ബിന്ദു .കെ.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2020 | 16-07-2020 |
| സദാശിവൻ.എസ്. | സെക്രട്ടറി | 17-07-2020 | 10-01-2021 |
| ബിന്ദു .കെ.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-01-2021 | 13-01-2021 |
| മധു .പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-01-2021 | 20-01-2021 |
| സദാശിവൻ.എസ്. | സെക്രട്ടറി | 21-01-2021 | 02-03-2021 |
| ബിന്ദു .കെ.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിത്ത് കുമാർ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ബിന്ദു .കെ.എം. | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| വനജ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഷർമിള.ജി. | വെറ്റിനറി സർജൻ | 01-04-2020 | 18-01-2021 |
| ശ്രീജിത്ത്. വി.വി | വെറ്റിനറി സർജൻ | 19-01-2021 | 10-02-2021 |
| രമേഷ് കുമാർ. കെ.ജി | വെറ്റിനറി സർജൻ | 11-02-2021 | 31-03-2021 |
| രാമകൃഷ്ണൻ. പി.ജെ. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| കേശവപ്രസാദ്.എൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ബിന്ദു.കെ | കൃഷി ഓഫീസർ | 01-04-2020 | 22-07-2020 |
| പത്മജ പ്രഭാകരന് | കൃഷി ഓഫീസർ | 23-07-2020 | 05-10-2020 |
| ദീപ്തി.എസ്. | കൃഷി ഓഫീസർ | 06-10-2020 | 31-03-2021 |
| ഷൈല മേരി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| സുജിഷ.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഷീബ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 04-09-2020 |
| അപ്ല .എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-09-2020 | 01-10-2020 |

| | | | |
|---|---|---|---|
| ഷീബ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-10-2020 | 08-10-2020 |
| അഫ്ല .എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 09-10-2020 | 23-10-2020 |
| അരോൺ ആന്റണി. സി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-10-2020 | 31-03-2021 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-3 |
| 4 | വാർഷിക കണക്കുകളിലെ അപാകതൾ സംബന്ധിച്ച്<br>Written By: Biju Antony (Audit Officer, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-3-1 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി -<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Sandeep KV (Auditor, On 27-06-2022) | 1-8 |
| 10 | ആഭ്യന്തിര നിയന്ത്രണം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Biju Antony (Audit Officer, On 25-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-10 |
| 12 | ലൈസൻസ് അപാകതകൾ<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-11-1 |
| 13 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-11-2 |
| 14 | കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല- തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 27-06-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 29-06-2022) | 1-12 |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-13 |
| 16 | അമൃതം ന്യൂട്രിമിക്സ്- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-14 |
| 17 | വിജയശ്രീ- HM നടപ്പാക്കിയ പദ്ധതി - അപാകതകൾ സംബന്ധിച്ച്<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Biju Antony (Audit Officer, On 28-06-2022) | 1-15 |
| 18 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-16 |

| | | |
|---|---|---|
| 19 | ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷകളിൽ സമയ ബന്ധിതമായി നടപടികളെടുക്കുന്നില്ല.<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-17 |
| 20 | വാടക – അപാകങ്ങൾ പരിഹരിക്കേണ്ടതാണ്<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-18 |
| 21 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-19 |
| 22 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-20 |
| 23 | ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആയത് ഈടാക്കിയിട്ടുണ്ട്.<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-21 |
| 24 | മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-22 |
| 25 | കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-23 |
| 26 | മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട റജിസ്റ്ററുകൾ പൂർണമല്ല.<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-24 |
| 27 | പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: S.Sabna Das (Senior Grade Auditor, On 28-06-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 28-06-2022) | 1-25 |
| 28 | പണ്ടാരക്കളം അങ്കണവാടി കെട്ടിട നിർമ്മാണം - തുക കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 28-06-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 28-06-2022) | 1-26 |
| 29 | ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി - അവലോകനം<br>Written By: S.Sabna Das (Senior Grade Auditor, On 28-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | .വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 14-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 25-06-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 14-07-2022) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 14-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 14-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25-3-2020തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 8739229 |
| വരവ് | 208778100 |
| ആകെ | 217517329 |
| ചെലവ് | 210135700 |
| നീക്കിബാക്കി | 7381629 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2021 | 1-6-2022 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10762246 |
| വരവ് | 74800400 |
| ആകെ | 85562646 |
| ചെലവ് | 70846617 |
| നീക്കിയിരിപ്പ് | 14716029 |

### 1-3-1 വാർഷിക കണക്കുകളിലെ അപാകതൾ സംബന്ധിച്ച്

തൻ വർഷത്തെ കണക്കുകളിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4454485 | 4454485 | 3608646+ 124063<br>3732709* | 721776 |
| ശുചിത്വമിഷൻ | 1061033 | 1517546+ 1130172 **<br>2647718 | 3708751 | 645173 | 3063578 |

1) മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) ചെലവ് 3732709 രൂ. ആണ് ചെലവ് കാണിച്ചിരിക്കുന്നത്. എന്നാൽ AFS ൽ R&P Statementൽ 3608646 ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. വോട്ടിംഗ് മെഷീന് വേണ്ടി ഉത്തരവത്തിൽ നിന്ന് പിടിച്ച 124063 രൂ. കണക്കിൽ എടുത്തിട്ടില്ല.

2) AFS ൽ R&P Statementൽ ശുചിത്വമിഷൻ ഗ്രാന്റ് വരവ് 1517546 ആണ് ചേർത്തിട്ടുള്ളത്. എന്നാൽ Total Sanitation ന്റെ ഹെഡ്ഡിൽ ചേർത്തിരിക്കുന്ന 1300172 രൂപയിൽ 1130172 രൂ. ശുചിത്വമിഷൻ ഗ്രാന്റ് ആണ്. ആയതിനാൽ ശുചിത്വമിഷൻ യഥാർത്ഥ വരവിൽ വ്യത്യാസം സംഭവിക്കുന്നു.

സംയുക്ത ഫണ്ടുകൾ

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| സംയുക്ത പ്രോജക്കുകൾ (ബ്ലോക്ക് പഞ്ചായത്ത്) | 200000* | 0 | 200000 | 0 | 200000 |
| | 605274 | 1734316 | 2339590 | 1896221 | 443369 |
| സംയുക്ത പ്രോജക്കുകൾ (ജില്ലാ പഞ്ചായത്ത്) | 910265** | 1744034 | 2654299 | 2479119 | 175180 |

1) സംയുക്ത പ്രോജക്ടുകൾ (ബ്ലോക്ക് പഞ്ചായത്ത്) ൽ ഉൾപ്പെട്ട 200000രൂ. 2017-18 മുതൽ നിലനിന്ന് വരുന്നതാണ്. സംയുക്ത ഭവനം (വനിത) പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ വന്ന തുകയുടെ ബാക്കി നിൽക്കുന്നതാണിത്. ലൈഫ് ഭവനപദ്ധതി വന്നതിനാൽ ഇനി ഈ പദ്ധതി മുഖേന ചെലവുകൾ വരാത്തതിനാൽ ടി തുക തിരികെ അടവാക്കേണ്ടതാണ്.

2) സംയുക്ത പ്രോജക്ടുകൾ (ബ്ലോക്ക് പഞ്ചായത്ത്) സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററിൽ അവസാന നീക്കിബാക്കി സൂചിപ്പിച്ചിട്ടുള്ളത് 620256 രൂ. ആണ്. 59887രൂപയുടെ വ്യത്യാസം കാണുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3) സംയുക്ത പ്രോജക്ടുകൾ (ജില്ലാ പഞ്ചായത്ത്) എന്നതിൽ 2019-2020 AFS Balance Sheet പ്രകാരം നീക്കിബാക്കി 1513265 ആയിരുന്നു . ആയതിൽ ലൈഫ് ഭവനത്തിന് ടി വർഷം ചെലവ് വന്ന 520000രൂ. കുറവ് ചെയ്തത് കണക്കിൽ എടുത്ത് കാണുന്നില്ല. യഥാർത്ഥ മുന്നിരിപ്പ് ക്രമീകരിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി -

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5900 | 2594825 | 2600725 | 2599935 | 790 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 22760356 | 22760356 | 22760356 | |
| ആകെ | 5900 | 25355181 | 25361081 | 25360291 | 790 |

1) NREGS ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് 6421.6ഉം നീക്കിയിരുപ്പ് 1311.6ഉം ആണ്. (22-10-2019ന് 521രൂ. ചെക്ക് ബാങ്കിലേക്ക് നൽകിയത് ക്യാഷ് ചെയ്തിട്ടില്ല.) ഈ വ്യത്യാസം NREGS ക്യാഷ് ബുക്കിൽ ഇപ്പോഴും പരിഹരിക്കാതെ നിൽക്കുന്നു.

മേൽസൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി അപാകതകൾ തുടർവർഷങ്ങളിലെ കണക്കുകളിൽ ക്രമീകരിച്ച് വാർഷിക ധനകാര്യ പത്രികകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 9985415 | 9985415 | 9955415 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 6887118 | 6887118 | 6151962 | 735156 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | | 602000 | 602000 | 411595 | 190405 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 6936000 | 6936000 | 6925080 | 10920 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4454485 | 4454485 | 3608646+ 124063 3732709* | 721776 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 11425171 | 11425171 | 6755518 | 4669653 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) (ACR പ്രകാരം) | | | 5640000 | 5640000 | 1060074 | 4579926 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | 1641540 | 1482452 | 3123992 | 2566737 | 557255 |
| | ശുചിത്വമിഷൻ | 1061033 | 1517546+ 1130172 ** 2647718 | 3708751 | 645173 | 3063578 |

*മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) ചെലവ് 3732709 രൂ. ആണ് ചെലവ് കാണിച്ചിരിക്കുന്നത്.

എന്നാൽ AFS ൽ R&P Statementൽ 3608646 ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. വോട്ടിംഗ് മെഷീന് വേണ്ടി ഉത്സവത്തിൽ നിന്ന് പിടിച്ച 124063 രൂ. കണക്കിൽ എടുത്തിട്ടില്ല.

** AFS ൽ R&P Statementൽ ശുചിത്വമിഷൻ ഗ്രാന്റ് വരവ് 1517546 ആണ് ചേർത്തിട്ടുള്ളത്. എന്നാൽ Total Sanitation ന്റെ ഹെഡ്ഡിൽ ചേർത്തിരിക്കുന്ന 1300172 രൂപയിൽ 1130172 രൂ. ശുചിത്വമിഷൻ ഗ്രാന്റ് ആണ്.

സംയുക്ത ഫണ്ടുകൾ

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| സംയുക്ത പ്രോജക്ടുകൾ (ബ്ലോക്ക് പഞ്ചായത്ത്) | 200000* | 0 | 200000 | 0 | 200000 |
| | 522274 | 1734316 | 2256590 | 1896221 | 360369 |
| സംയുക്ത പ്രോജക്ടുകൾ (ജില്ലാ പഞ്ചായത്ത്) | 993265** | 1744034 | 2737299 | 2479119 | 258180 |

*ഈ തുക 2017-18 മുതൽ നിലനിന്ന് വരുന്നതാണ്. സംയുക്ത ഭവനം (വനിത) പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ വന്ന തുകയുടെ ബാക്കി നിൽക്കുന്നതാണിത്. ലൈഫ് ഭവനപദ്ധതി വന്നതിനാൽ ഇനി ഈ പദ്ധതി മുഖേന ചെലവുകൾ വരാത്തതിനാൽ ടി തുക തിരികെ അടവാക്കേണ്ടതാണ്.

പദ്ധതി അവലോകനം

**2019-2020 AFS Balance Sheet പ്രകാരം നീക്കിബാക്കി 1513265 ആയിരുന്നു . ആയതിൽ ലൈഫ് ഭവനത്തിന് ടി വർഷം ചെലവ് വന്ന 520000രൂ. കുറവ് ചെയ്താൽ ലഭിക്കുന്ന നീക്കിബാക്കിയാണ് ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 145905213 | 183 | 47605279 | 0 | 80 | 69.58 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 14 | 6982256 | 3467785 | 49.6 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 13 | 5420000 | 4379864 | 80.8 |
| സെക്രട്ടറി | 30 | 16 | 8315202 | 5136684 | 61.7 |
| ഹെഡ്മാസ്റ്റർ | 30 | 16 | 2701940 | 1693885 | 62.6 |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 0 | 1014000 | 0 | 0 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 109 | 74 | 27930215 | 17336803 | 60.1 |
| മെഡിക്കൽ ഓഫീസർ-PHC | 12 | 10 | 1606305 | 839187 | 52.2 |
| ലേഡി. വി.ഇ.ഓ | 9 | 7 | 35928355 | 2890000 | 8 |
| വി.ഇ.ഓ | 11 | 7 | 47101740 | 5560800 | 11.8 |
| അസി. സെക്രട്ടറി | 15 | 12 | 5108200 | 3269918 | 64 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 6 | 6 | 1161000 | 1140252 | 98.2 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 1723000 | 1035500 | 60 |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 913000 | 854601 | 93.6 |
| ആകെ | 263 | 183 | 145905213 | 47605279 | 32.6 |

1-6 തൊഴിലുറപ്പ് പദ്ധതി -

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5900 | 2594825 | 2600725 | 2599935 | 790 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 22760356 | 22760356 | 22760356 | |
| ആകെ | 5900 | 25355181 | 25361081 | 25360291 | 790 |

NREGS ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് 6421.6ഉം നീക്കിയിരുപ്പ് 1311.6ഉം ആണ്. (22-10-2019ന് 521രൂ. ചെക്ക് ബാങ്കിലേക്ക് നൽകിയത് ക്യാഷ് ചെയ്തിട്ടില്ല. ഈ വ്യത്യാസമാണ് NREGS ക്യാഷ് ബുക്കിൽ ഇപ്പോഴും പരിഹരിക്കാതെ നിൽക്കുന്നത്.)

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4706500 | 165 |
| വിധവാപെൻഷൻ | 17491900 | 644 |
| വാർദ്ധക്യകാലപെൻഷൻ | 33679600 | 1303 |
| വികലാംഗപെൻഷൻ | 4855300 | 173 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1339100 | 45 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 150000 | 5 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 20683/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തിര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസൃതമായി നിയന്ത്രിക്കുന്നുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസൃതമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വെയറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

ഫ്രണ്ട് ഓഫീസിൽ ILGMS സംവിധാനത്തിലൂടെയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്.ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്

എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ ഉത്തരവുകളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുന്നില്ല. സോളാർ തെരുവു വിളക്കുകൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല. ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന് 2022-23 ൽ ഉൾപ്പെടെ ISO സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മറ്റി മീറ്റിംഗിന് "സകർമ്മ" യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-5-2022 | 4/2022 | 10-5-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4-11-2014മുതൽ 22-11-2014 വരെ | 2009-10മുതൽ 2013-14 വരെ | 22-12-2014 |

## 1-11-1 ലൈസൻസ് അപാകതകൾ

1.പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. എന്നാൽ അകത്തേത്തറ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. അകത്തേത്തറ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 8 റീട്ടേയിൽ റേഷൻ ഡിപ്പോകൾക്ക് 2022-23 വർഷം മുതൽ ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണെന്ന വിവരം അറിയിച്ചിട്ടുണ്ട്.

2.പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഫോറം 2 പ്രകാരമുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അപേക്ഷകനു ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. അവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രജിസ്റ്റർ, അപേക്ഷകൾ എന്നിവ ഹാജരാക്കേണ്ടതാണ്.
പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടപ്രകാരം നടത്തിവരുന്നുണ്ട് അറിയിച്ചിട്ടുണ്ട്.
മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 28.6.22 തീയതിയിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

## 1-11-2 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.

സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കേണ്ടത് സംബന്ധിച്ച്

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 4 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

ഇവയിൽ റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിന്റെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. മേൽ സൂചിപ്പിച്ച കെട്ടിട വിഭാഗത്തിന് വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

റസിഡൻഷ്യൽ ഹോംസ്റ്റേ ക്ക് 30/6/22 ന് നടക്കുന്ന ഭരണസമിതി യോഗത്തിൽ 9-ാം നമ്പർ അജണ്ടയായി ഉൾപ്പെടുത്തി നികുതി നിരക്ക് നിശ്ചയിക്കുന്നതാണെന്ന് 28.6.22 ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

1-12 കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല- തുക തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണം- വെറ്ററിനറി സർജൻ

പ്രോജക്ട് നം. 8/21, കന്നുകുട്ടി പരിപാലനം (വനിത)

അടങ്കൽ - 625000 (312500- വികസന ഫണ്ട് ജനറൽ, 312500- ഗുണഭോക്തൃ വിഹിതം )

ചെലവ് - 312500 (ബിൽ നം 1/05-10-20)

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 25 ഗുണഭോക്താക്കളെ കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം കാലിത്തീറ്റ സബ്സിഡിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതമായ 156250 രൂപയും സംസ്ഥാന വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത വിഹിതം 156250 രൂപയും ഉൾപ്പെടെ ആകെ 312500 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തി പാലക്കാട് ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ, Calf Feed Subsidy Programme ന് കൈമാറിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുന്നതിനായി അകത്തേത്തറ ക്ഷീര സംഘത്തിന്റെ കാലിത്തീറ്റ വിതരണ വിവരം രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിഗത നാൾവഴി ഓഡിറ്റിൽ പരിശോധിച്ചു. 12/2020 മുതലാണ് കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുള്ളത്. രജിസ്റ്റർ പ്രകാരം രമണി.കെ, ചെറാട് എന്ന ഗുണഭോക്താവ് ( രജിസ്റ്റർ ക്രമ നം.25) ഒരു മാസത്തെ കാലിത്തീറ്റ മാത്രമേ (23-12-20) കൈപ്പറ്റിയിട്ടുള്ളൂ. പിന്നീട് രജിസ്റ്ററിൽ ക്യാൻസൽ ചെയ്തിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/24-06-22 ന് മറുപടി ലഭ്യമാക്കിയതിൽ ഈ

വിഷയം സംബന്ധിച്ച് അസി.ഡയറക്ടർ,calf Feed Subsidy Programme ന് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി ഏപ്രിൽ 2022 ൽ പൂർത്തീകരിച്ചതായും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്തയച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത ഗുണഭോക്താവിനായി അസിസ്റ്റന്റ് ഡയറക്ടർ, Calf Feed Subsidy Programme ന് നൽകിയ ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ (12500 രൂപ) കാലിത്തീറ്റ കൈപ്പറ്റിയ ഒരു മാസത്തെ സബ്സിഡി കഴിച്ചുള്ള ബാക്കി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-13 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ - 13/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ - 200000 (വികസന ഫണ്ട് SCP)

ചെലവ്- 125000

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോട് ചേർന്ന് പഠന മുറി നിർമ്മിക്കുന്നതിന് 200000 രൂപ ധനസഹായം നൽകുന്നതാണ് പ്രോജക്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മിനിമോൾ, മക്കി റാവുത്തർ ലൈൻ, ധോണി എന്ന ഗുണഭോക്താവിന് ആദ്യത്തെ രണ്ട് ഗഡു അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ നമ്പർ |
|---|---|---|
| മിനിമോൾ, മക്കി റാവുത്തർ ലൈൻ, ധോണി | ഒന്നാം ഗഡു - 50000<br>രണ്ടാം ഗഡു - 75000 | 29/31-12-20<br>39/ 15-02-21 |
| | ആകെ - 125000 | |

ഗുണഭോക്താവ് പഠനമുറിയുടെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.1/24-06-22) മറുപടിയിൽ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും നിലവിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു.

പഠനമുറിയുടെ പൂർത്തീകരണം ഉറപ്പു വരുത്തേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-14 അമൃതം ന്യൂട്രിമിക്സ്- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാര പരിപാടി എന്ന പേരിൽ 2 പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 12/21 | അങ്കണവാടി പോഷകാഹാര പരിപാടി- ജനറൽ | 2500000( 1400000 – വികസന ഫണ്ട് ജനറൽ ,<br>1100000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 1943695 (1399994 – വികസന ഫണ്ട് ജനറൽ ,<br>543701- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 15/21 | അങ്കണവാടി പോഷകാഹാര | 500000 (400000- വികസന ഫണ്ട് | 413554 (400000- വികസന ഫണ്ട് |

| | | | |
|---|---|---|---|
| | പരിപാടി (പട്ടിക ജാതി വിഭാഗം) | എസ്.സി.പി, 100000- കേന്ദ്രാവിഷ്കൃത ഫണ്ട്) | എസ്.സി.പി, 13554- കേന്ദ്രാവിഷ്കൃത ഫണ്ട്) |

മേൽ പ്രോജക്ടുകൾ പ്രകാരം അനുപൂരക പോഷകാഹാര വിതരണത്തിന്റെ ഭാഗമായി അങ്കണവാടികളിലേക്ക് അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ അമ്മു ഫുഡ്സ്, കൊടുന്തിരപ്പുള്ളി എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക ( ജി.എസ്.ടി ഒഴികെയുള്ള തുക) | ബിൽ നം. / തീയതി |
|---|---|---|---|
| 1 | 014/15-04-20 | 78540 | 1/26-06-20 |
| 2 | 069/11-05-20 | 86240 | |
| 3 | 152/08-07-20 | 96530 | ബിൽ നം. 9/04-09-20 |
| 4 | 195/ 14-08-20 | 99715 | ബിൽ നം. 17/23-01-21 |
| 5 | 232/15-09-20 | 88200 | |
| 6 | 233/15-09-20 | 11550 | ബിൽ നം. 16/23-01-21 |
| 7 | 273/13-10-20 | 13475 | ബിൽ നം. 12/15-01-21 |
| 8 | 315/19-11-20 | 11550 | |
| 9 | 349/15-12-20 | 11550 | |
| 10 | 124/24-06-20 | 11550 | ബിൽ നം. 8/04-09-20 |
| 11 | 151/08-07-20 | 13475 | |
| 12 | 012/14-04-20 | 11550 | ബിൽ നം. 3/26-06-20 |
| 13 | 067/11-05-20 | 13475 | |
| 14 | 1264/23-03-20 | 13475 | |
| 15 | 387/15-01-21 | 13475 | ബിൽ നം. 21/20-03-21 |
| 16 | 427/15-02-21 | 11550 | |
| | ആകെ | 585900 | |

അക്കൗണ്ട് നമ്പർ- 1443201000184 കനറാ ബാങ്ക്

GST IN- 32ATQPB1192F1ZZ

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/27-06-22) മറുപടി ലഭ്യമാക്കിയില്ല.

ജി.എസ്.ടി ടി.ഡി.എസ് നടത്താത്ത സാഹചര്യത്തിൽ അനുവദിച്ച മുഴുവൻ തുകയ്ക്കും ആനുപാതികമായ ജി.എസ്.ടി സ്ഥാപനം ഒടുക്കിയിട്ടുണ്ടെന്ന് രേഖകൾ ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്. കരാറിന്റെ മൂല്യം 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന വാങ്ങലുകളിൽ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത് സർക്കാരിലേക്ക് അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-15 വിജയശ്രീ- HM നടപ്പാക്കിയ പദ്ധതി - അപാകതകൾ സംബന്ധിച്ച്

പ്രൊജക്ട് നം. 1, വിജയശ്രീ പദ്ധതിയുമായി ചേർന്ന് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്

അടങ്കൽ - 37440/- രൂപ

ഫണ്ട് - വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - 37400/- രൂപ (ബിൽ നം. 6/19-20/05.05.2020)

പത്താം ക്ലാസ് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വൈകുന്നേരങ്ങളിലും അധിക സമയങ്ങളിലും കുട്ടികൾക്ക് അധ്യാപകർ ക്ലാസ് നൽകുന്നതിനോടൊപ്പം ഭക്ഷണവും നൽകുന്നതിനുമാണ് ഈ പദ്ധതി.

വിജയശ്രീ പദ്ധതി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ്. മാത്രമല്ല 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ് ചുമതലയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത ഇത്തരം പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കുന്നുണ്ട്.
ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 8/24.06.2022) ലഭ്യമാക്കിയ മറുപടിയിൽ കാര്യങ്ങൾ അറിയാത്തതിനാൽ സംഭവിച്ച അപാകതയാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ വിജയശ്രീ പദ്ധതിയുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് തുടർ നടപടികൾ സ്വീകരിക്കുന്നത് വരെ ചെലവ്തുക 37400/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-16 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

പ്രൊജക്ട് നം. 63, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എസ് സി വിഭാഗം

അടങ്കൽ - 100000/- രൂപ

ഫണ്ട് - വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - 99800/- രൂപ (ബിൽ നം. 20/20-21/29.03.2021)

അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 11.2.2021 തീയതിയിൽ നടന്ന സാധാരണയോഗത്തിലെ 13/13(2) നമ്പർ തീരുമാനപ്രകാരം 2 സ്ഥാപനങ്ങൾ ടെൻഡർ നടപടികളിൽ പങ്കെടുത്തിട്ടുണ്ട് ഇതിൽ കുറഞ്ഞ ക്വാട്ട് ചെയ്ത കമ്പനിയായ സഫാരി ട്രേഡിങ്ങ് കമ്പനിക്ക് ടെൻഡർ നൽകി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത തുക | റിമാർക് |
|---|---|---|---|
| 1 | Safari Trading Company | 1.cycle For Boys=4985<br>2.cycle For Girls=4995 | Lowest |
| 2 | K N India Trading Company | 1.cycle For Boys=5200<br>2.cycle For Girls=5400 | |

നിർവഹണം ഹെഡ് മാസ്റ്റർ. അകത്തേത്തറ - ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ പദ്ധതി Safari Trading Company എന്ന സ്ഥാപനത്തിൽ നിന്ന് 20 സൈക്കിൾ വാങ്ങി നൽകിയിട്ടുണ്ട് എന്നാൽ പതിമൂന്നാം പദ്ധതിയുടെ സബ്സിഡി മാർഗരേഖ , പ്രൊക്യൂർമെൻറ് മാർഗരേഖയിൽ ഉൾപ്പെടാത്ത ഈ പദ്ധതി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതാണ്.
ഓഡിറ്റ് അന്വേഷണം നം. 9/24.06.2022 ന് ലഭ്യമാക്കിയ മറുപടിയിൽ മാർഗരേഖ ശരിയായ വിധത്തിൽ മനസിലാകാത്തതിനാലും അറിവില്ലായ്മകൊണ്ടുമാണ് ഇത്തരത്തിൽ തെറ്റ് സംഭവിച്ചത് ഇനിമേൽ ഇത്തരത്തിൽ തെറ്റ് സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷകളിൽ സമയ ബന്ധിതമായി നടപടികളെടുക്കുന്നില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (ജി.ഓ(പി) നം.78/2019/ത.സ്വ.ഭ.വ തീ.02.11.2019 പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ 30 ദിവസത്തിനകം നടപടിയെടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ എടുത്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്റർ ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ സമർപ്പിച്ചത് | പെർമിറ്റ് നൽകിയത് |
|---|---|---|---|
| 88 | പ്രമോദ് & മഞ്ജുഷ് | A4-7269<br>28-9-20 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയിട്ടില്ല |
| 89 | മുരളീധരൻ | A4-7270 28-9-20 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 93 | വിജയ എ | A4-7274 28-9-20 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 175 | അന്നമ്മ | A4-1158 28-12-20 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 185 | ഹേമ ചന്ദ്രൻ | A4-134 6-1-21 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 187 | ഗിരിജ സി എം | A4-327 12-1-21 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 191 | സുഷമ | A4-409 15-1-21 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 192 | ഓമന | A4-417 15-1-21 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 204 | കൃഷ്ണമൂർത്തി | A4-693 29-1-21 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 205 | അർജ്ജുൻ സുന്ദർ | A4-694 29-1-21 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 211 | സുജിത് | A4-905 6-2-21 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |

അപേക്ഷകളിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-പ്രകാരം സമയ സമയബന്ധിതമായി നടപടികൾ എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും പ്രവൃത്തികൾ സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തിയാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് തുടർനടപടി എടുക്കേണ്ടതാണ്.

ഐ എൽ ജി എം സ് സോഫ്റ്റ്‌വെയർ വന്നതിന്ന ശേഷം ന്യൂനതകൾ സോഫ്റ്റ്‌വെയറിൽ മറുപടി നൽകിയതിനാലും , റെഗുലറൈസേഷൻ അപേക്ഷ തെറ്റായി പെർമിറ്റ് ആപേക്ഷയായി നമ്പർ ഇട്ടിട്ടുള്ളതിനാലുമാണ് രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നത് എന്ന് 28.6.22 ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം (നം. 11/27.06.2022)

1-18 വാടക – അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

വാടക ബൈലോ തയ്യാറാക്കിയിട്ടില്ല .

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള Shpping Complex വാടക കെട്ടിടങ്ങൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം ആയതിന് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. ചട്ടം 3 (6)പ്രകാരം സർക്കാരിന്റെയോ,സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം കിട്ടുന്നതുവരെ ബൈലോയ്ക്കോ അല്ലെങ്കിൽ ബൈലോയുടെ റദ്ദാക്കലിനോ യാതൊരു പ്രാബല്യവും ഉണ്ടായിരിക്കുന്നതല്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

കെട്ടിടങ്ങളുടെ വിവരം ചുവടെ നൽകുന്നു

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ് അകത്തേത്തറ |
| 2 | കോ ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റി |
| 3 | ഖാദി സൊസൈറ്റി |
| 4 | മാവേലി സ്റ്റോർ |
| 5 | മാവേലി സ്റ്റോർ |
| 6 | ദേവി ലൈറ്റ് &സൗണ്ട് |
| 7 | ചൈതന്യ കോൺസ്ട്രക്ഷൻ |

ബി) വാടക കെട്ടിടങ്ങൾക്ക് ജി എസ് ടി ഈടാക്കേണ്ടതാണ്.

സി) കടമുറികൾ , ബാങ്ക് ,സ്റ്റാളുകൾ മുതലായവ വാടകക്കോ പാട്ടത്തിനോ നൽകുമ്പോൾ പട്ടികജാതി പട്ടിക ഗോത്ര വർഗക്കാർക്ക് 10 ശതമാനവും അംഗപരിമിതർക്ക് 3 ശതമാനവും സംവരണം ഏർപ്പെടുത്തേണ്ടതാണ് . ഈ വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക ഇനത്തിലെ ജി എസ് ടി അടുത്ത സാമ്പത്തിക വർഷം മുതൽ ഈടാക്കാവുന്നതാണെന്നും സംവരണം ഏർപ്പെടുത്തി തുടർ നടപടിയുടെ വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് കൂടാതെ നിയമവും ചാട്ടവും പാലിച്ച് ബൈലോ തയ്യാറാക്കി അടുത്ത ഭരണസമിതാ യോഗത്തിൽ പ്രൊപോസൽ വക്കുന്നതാണെന്ന് സെക്രെട്ടറിയുടെ 28.6.22 ന് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട് .

ഓഡിറ്റ് നിർദ്ദേശം

*അടുത്ത സാമ്പത്തിക വർഷം മുതൽ ബൈലോ നിർബന്ധം ആക്കേണ്ടതാണ്

*വാടകയുടെ കൂടെ ജി എസ് ടി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

*പട്ടികജാതി /പട്ടികവർഗ്ഗകാർക്കും, അംഗപരിമിതർക്കും സംവരണം ഉറപ്പാക്കേണ്ടതാണ്

*വാടക ഇനത്തിലെ വാർഷിക വർധനവായ 5% വർധിപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്

1-19 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിന്ന ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും

കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | 242/21- ശബരി ആശ്രമം റോഡ് റീടാറിംഗ്<br>290186<br>ബിൽ നം.-47/17-11-2020-282262/- | 11-9-2018 | - | 58/AE/LSGD /AKTA/16-10-2018<br>അശോകൻ | 2902 | 0 | 2902 |
| 2 | 189/21- ചെറാട് ലക്ഷം വീട് റോഡ് റീടാറിംഗ്<br>337661<br>ബിൽ നം.-25/25-8-2020-206000/- | 11-9-2018 | 25-9-2018 | 53/AE/LSGD /AKTA/12-10-2018<br>ജനിൽ ജേക്കബ് | 3377 | 0 | 3377 |
| 3 | 242/21- ഉമ്മിണി പള്ളി ഒട്ടൂർക്കാട് റോഡ് റീടാറിംഗ്<br>132689<br>ബിൽ നം.-24/25-8-2020-150000/- | 26-11-2019 | 6-12-2019 | 38/AE/LSGD /AKTA/24-12-2019<br>ജനിൽ ജേക്കബ് | 1327 | 0 | 1327 |
| 4 | 203/21- സൂര്യ നഗർ സെക്കന്റ് ലെയിൻ റോഡ് റീടാറിംഗ്<br>171659<br>ബിൽ നം.-16/14-5-2020-194000/- | 26-11-2019 | - | 37/AE/LSGD /AKTA/24-12-2019<br>ജനിൽ ജേക്കബ് | 1717 | 0 | 1717 |
| 5 | 245/21- രാമകൃഷ്ണ തേർഡ് ലൈൻ മുതൽ പി.എച്ച്.സി. വരെ റോഡ് റീടാറിംഗ്<br>176296<br>ബിൽ നം.-34/25-8-2020-280695/- | 26-11-2019 | 6-12-19 | 36/AE/LSGD /AKTA/24-12-2019<br>ജനിൽ ജേക്കബ് | 1763 | 0 | 1763 |
| 6 | 268/21- സ്കൂൾ ടോയ് ലെറ്റ്<br>185082<br>ചെക്ക് നം.-XY 5901276/12-2-2021-210987/- | 17-10-2019 | 22-10-19 | 58/AE/LSGD /AKTA/19-12-2019<br>രമണൻ | 1851 | 0 | 1851 |
| 7 | 83/21- | 27-7--2020 | തീയ്യതി | 9/AE/LSGD | 3392 | 0 | 3392 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പൈറ്റാംകുന്ന് അപ്പുക്കുട്ടൻ ടീ സ്റ്റാൾ മുതൽ രാധാകൃഷ്ണൻ വീട് വരെ റീ കോൺക്രീറ്റിങ്ങ് 339182 ബിൽ നം. 53/24-2-2021- 385000/- | | രേഖപ്പെടുത്തിയിട്ടില്ല. | /AKTA/14-9-2020 രാമദാസ് | | | |
| 8 | 219/21- ഇത്തിങ്ങപ്പറമ്പ് റോഡ് മെയിന്റനൻസ് 399767 ബിൽ നം. 13/20-4-2020- 450000/- | 26-11-2019 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 39/AE/LSGD /AKTA/24-12-2019 ജനിൽ ജേക്കബ്ബ് | 4000 | 0 | 4000 |
| ആകെ | | | | | | | 20329 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 4/24-6-2022, 15/27-6-2022) ലഭ്യമാക്കിയ മറുപടിയിൽ ബോർഡ് തീരുമാനം അസി. എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാകാൻ വൈകി എന്നും ഇപ്രകാരം എഗ്രിമെന്റ് വെയ്ക്കുന്നതിൽ കാലതാമസം നേരിട്ടു എന്നും അറയിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കത്തക്കതല്ല. ആയതിനാൽ പിഴ ഇനത്തിൽ കുറവ് സംഭവിച്ച തുക കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-20 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : S089/21- ചെറാട് ലക്ഷം വീട് റോഡ് റീടാറിംഗ്

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ബിൽ നം.-25/25-8-2020- 206000/- |
| കരാർ നം., അളവു പുസ്തകം: | 53/AE/LSGD /AKTA/12-10-2018, MB No.76/18-19 |
| പി.എ.സി. | 337661 |
| കരാറുകാരൻ: | ജനിൽ ജേക്കബ് |
| സ്ഥലം കൈമാറിയ തീയ്യതി. | 12-10-2018 |

| | |
|---|---|
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 11-4-2018 |
| പൂർത്തീകരിച്ച തീയ്യതി: | 11-3-2020 |
| ഈടാക്കേണ്ട പിഴ (3%) | 10130 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 10130 |

2. പ്രോജക്ടിന്റെ നം. , പേര് : SO 191/21- പൈനാപ്പിൾ റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ്

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ബിൽ നം.- 15/19-5-2020-426000/- |
| കരാർ നം., അളവ് പുസ്തകം: | 20/AE/LSGD /AKTA/4-10-2018, MB No.77/18-19 |
| പി.എ.സി. | 407984 |
| കരാറുകാരൻ: | ജനിൽ ജേക്കബ് |
| സ്ഥലം കൈമാറിയ തീയ്യതി. | 4-10-2018 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 3-4-2018 |
| പൂർത്തീകരിച്ച തീയ്യതി: | 11-3-2020 |
| ഈടാക്കേണ്ട പിഴ (3%) | 12240 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 12240 |

3. പ്രോജക്ടിന്റെ നം. , പേര് : SO 242/21- പൂജാ നഗർ റോഡ് റീടാറിംഗ്

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ബിൽ നം.- 7/20-4-2020-264127/- |
| കരാർ നം., അളവ് പുസ്തകം: | 45/AE/LSGD /AKTA/1-10-2018, MB No.57/18-19 |
| പി.എ.സി. | 265602 |
| കരാറുകാരൻ: | കെ.സി.തോമസ് |
| സ്ഥലം കൈമാറിയ തീയ്യതി. | 1-10-2018 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 31-3-2018 |
| പൂർത്തീകരിച്ച തീയ്യതി: | 16-1-2020 |
| ഈടാക്കേണ്ട പിഴ (3%) | 7968 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 7968 |

4. 1 പ്രോജക്ടിന്റെ നം. , പേര് : SO251- മൃഗാസ്പത്രി കെട്ടിടം പുനരുദ്ധാരണം

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ബിൽ നം.- 40/11-7-2020-189632/- |
| കരാർ നം., അളവ് പുസ്തകം: | 27/AE/LSGD /AKTA/10-12-2019, MB No. 53/19-20 |
| പി.എ.സി. | 296390 |
| കരാറുകാരൻ: | രാജ് ഗോപാൽ സ്വാമി |
| സ്ഥലം കൈമാറിയ തീയ്യതി. | 10-12-2019 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 9-6-2020 |
| പൂർത്തീകരിച്ച തീയ്യതി: | 10-8-2020 |
| ഈടാക്കേണ്ട പിഴ (3%) | 8891 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 8891 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/24-6-2022, 16/27-6-2022) ലഭ്യമാക്കിയ

മറുപടിയിൽ ക്രമ നം.1 ൽ സൂചിപ്പിച്ച പ്രവൃത്തിയുടെ പിഴ ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികളിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നതിനാൽ പ്രവൃത്തി പൂർത്തീകരണം വൈകി എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ടി മറുപടികൾ അംഗീകരിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 39229രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

1-21 ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആയത് ഈടാക്കിയിട്ടുണ്ട്.

2019-2020- ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 238/-രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്. ടിയും(18%) കരാറുകാരിൽ നിന്ന് ഈടാക്കിയതായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 238/- |
|---|---|---|---|---|---|
| 1 | SO 242/21- പൂജാ നഗർ റോഡ് റീടാറിംഗ് കെ.സി.തോമസ് | ബിൽ നം.- 7/20-4-2020- 264127/-രൂ. , MB No. 57/18-19 | VG-30- 992.3/156 =7 RS1- 129.32/182 =1 SS1- 399.71/182= 2 | 10 | 2380 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 6/24-6-2022) മറുപടിയായി ബിറ്റുമിൻ ബാരൽ വില രസീതി നം. 1220101389/27-6-2022 പ്രകാരം അടവാക്കിയതായി അറിയിക്കുകയും ആയതിന്റെ തെളിവുകൾ പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

1-22 മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.

സ.ഉ (എം.എസ് ) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖ,സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ഡാറ്റ, സൈറ്റ് മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (എസ്.സി.പി, റ്റി.എസ്.പി. പദ്ധതികൾക്ക്),എന്നിവയെല്ലാം പ്രോജക്ട് രേഖകളോടൊപ്പം വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പല ഫയലുകളിലും താഴെപ്പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് | സൈറ്റ് മാപ്പ് | മോണിറ്ററിംഗ് റിപ്പോർട്ട് | ഫീസിബിലിറ്റി റിപ്പോർട്ട്. | എസ്റ്റിമേറ്റ് റിപ്പോർട്ട് |
|---|---|---|---|---|---|---|
| 1 | SO- 242/21- ശബരി ആശ്രമം റോഡ് റീടാറിംഗ് | ഇല്ല | ഇല്ല | ഇല്ല | N .A | ഇല്ല |
| 2 | SO 189/21- ചെറാട് | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | ലക്ഷം വീട് റോഡ് റീടാറിംഗ് | | | | | |
| 3 | SO 245/21-രാമകൃഷ്ണ തേർഡ് ലൈൻ മുതൽ പി.എച്ച്.സി. വരെ റോഡ് റീടാറിംഗ് | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല |
| 4 | SO 191/21-പൈനാപ്പിൾ റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല |

പ്രവൃത്തി പൂർത്തീകരണകാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകളിൽ ഏത് തീയ്യതി വരെ പൂർത്തീകരണത്തീയ്യതി നീട്ടി ലഭിക്കണം എന്ന് കരാറുകാർ സൂചിപ്പിക്കുന്നില്ല.

ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയിരിക്കുന്നത് മൂലം പദ്ധതികളുടെ ഫലപ്രാപ്തി, സുതാര്യത, അവശ്യ മേഖലകളിൽ മാത്രം ചെലവഴിക്കൽ എന്നിവയെ സാരമായി ബാധിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-23 കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു

പദ്ധതി മാർഗരേഖയനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുംതങ്ങളുടെ അധികാരപരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയതിലെ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുതായി നിർമിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴവൻ നീളത്തിലാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം ഒന്നിലധികം വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായിതന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്ത് അവലംബിച്ചുവരുന്നത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

1-24 മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ പൂർണമല്ല.

സ.ഉ (എം.എസ് ) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖ,സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ , കേരള ഫിനാൻഷ്യൽ കോഡ് എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് സൂക്ഷിക്കണം എന്ന് നിർദേശിച്ചിട്ടുള്ള താഴെ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല/ ഭാഗികമായി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിന്റെ പേര് | നിലവിലുള്ള സ്ഥിതി |
|---|---|
| എം. ബുക്ക് സ്റ്റോക്ക് രജിസ്റ്റർ | സൂക്ഷിച്ചിട്ടില്ല |
| ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ | ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| റോഡ് റജിസ്റ്റർ | സൂക്ഷിച്ചിട്ടില്ല |
| ആസ്തി റജിസ്റ്റർ | ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| ടെണ്ടർ റജിസ്റ്റർ | ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| സെക്യൂരിറ്റി/ബോണ്ട് റജിസ്റ്റർ | ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |

പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുന്ന മേൽസൂചിപ്പിച്ച റജിസ്റ്ററുകൾ പൂർണമാക്കി സൂക്ഷിക്കേണ്ടതും പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ആയവ പൂർണമായും ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-25 പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ - 19/21, പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

അടങ്കൽ - 130200 (വികസന ഫണ്ട് SCP)

ചെലവ്- 130200

ബിൽ നമ്പർ - 4/ 11-05-20

പൈപ്പ് ലൈൻ കണക്ഷൻ എത്താത്ത പഴംപുള്ളി എസ്.സി കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയ്ക്ക് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം ആകെ 740000 രൂപയാണ് എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2018-19 ൽ പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ട് പ്രകാരം 375000 രൂപയും 2019-20 ൽ 234800 രൂപയും വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി ബാക്കി തുകയായ 130200 രൂപയാണ് ഈ വർഷം ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ കേരള വാട്ടർ അതോറിറ്റിയുടെ 02-11-2020ലെ KWA/PHD/PKD/Deposit/ UC/ General നം. കത്ത് പ്രകാരം 2018-19 ൽ ഡെപ്പോസിറ്റ് ചെയ്ത 375000 രൂപയുടെ പ്രവൃത്തി ഒന്നാംഘട്ടം പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് ( ചെലവ്- 190841രൂപ) . നിലവിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകളിൽ നിന്നും ദീർഘിപ്പിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുകയാണെങ്കിൽ വെള്ളം ലഭിക്കാനുള്ള സാദ്ധ്യത കുറവാണെന്ന് റിപ്പോർട്ട് ചെയ്യുകയും ആയതിനാൽ തുടർന്നുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ നടത്താൻ സാധ്യമല്ല എന്ന് KWA അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബാക്കി തുകയ്ക്ക് പഴംപുള്ളി എസ്.സി കോളനിയിൽ തന്നെ മറ്റ് സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി നടത്തുന്നതിന് കഴിയുമോ എന്ന് KWA യോട് ആരായുന്നതിനും ആയതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് KWA യ്ക്ക് നിർദ്ദേശം നൽകുന്നതിനും 11-02-2021 ലെ ഭരണസമിതി തീരുമാനം നമ്പർ 9(2) പ്രകാരം തീരുമാനിച്ചതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു.

ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം. 1/24-06-22 നൽകിയതിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത കോളനിയിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ ചെയ്തിട്ടുണ്ടെന്ന് വാട്ടർ അതോറിറ്റിയിൽ നിന്ന് അറിയിച്ചതായും 2018-19 ൽ നിക്ഷേപിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന 184159 രൂപ (375000-190841) ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടവാക്കിയതായും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 ൽ നിക്ഷേപിച്ച 234800 രൂപയും 2020-21ൽ നിക്ഷേപിച്ച 130200 രൂപയും വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

വിനിയോഗിക്കാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ തിരികെ ഈടാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-26 പണ്ടാരക്കളം അങ്കണവാടി കെട്ടിട നിർമ്മാണം - തുക കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം – സെക്രട്ടറി

പ്രോജക്റ്റ് നം. 71/21, പണ്ടാരക്കളം അങ്കണവാടി കെട്ടിട നിർമ്മാണം - തുക കൈമാറൽ

അടങ്കൽ - 300000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 300000

ബിൽ നമ്പർ - 8/17-07-20

വനിതാ ശിശു വികസന ഡയറക്ടറുടെ 20-03-2020 ലെ ഉത്തരവ് നമ്പർ ICDS/A7-31434/19 പ്രകാരം വനിതാ ശിശു വകുപ്പിനു കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി ലഭിച്ചതായും ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഹിതവും 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതായും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലവും അനുമതിയും ലഭിച്ചിട്ടുള്ള 11-ാം വാർഡിലെ പണ്ടാരക്കളം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി 300000 രൂപ എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ( നം. 799011400000486) കൈമാറിയിട്ടുണ്ട്.

അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണ വിവരം അറിയുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.1/24-06-22) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 2021-22 ൽ ആരംഭിച്ച കെട്ടിട നിർമ്മാണം ലിന്റൽ ലെവൽ വരെ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ സമ്പൂർണ്ണ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണം- വി.ഇ.ഒ I & II

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 232/21 | സമ്പൂർണ്ണ ലൈഫ് ഭവന പദ്ധതി (Spill Over) | 27744391 (25337 - വികസന ഫണ്ട് ജനറൽ, 1200000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 52018 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 735085- ജില്ലാ പഞ്ചായത്ത് വിഹിതം, 25731951- ഹഡ്കോ ലോൺ) | 812440 (25337- വികസന ഫണ്ട് ജനറൽ, 52018- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 735085- ജില്ലാ പഞ്ചായത്ത് വിഹിതം ) |
| 233/21 | സമ്പൂർണ്ണ ഭവന പദ്ധതി (ലൈഫ്) എസ്.സി- (Spill Over) | 2023964 ( 202364 - വികസന ഫണ്ട് SCP, 211764- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1609836- ഹഡ്കോ ലോൺ) | 330000 ( 202364 - വികസന ഫണ്ട് SCP, 127636- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| 176/21 | ലൈഫ് ഭവന പദ്ധതി ഫേസ് 3- എസ്.സി | 2025000 ( 125000- വികസന ഫണ്ട് SCP, 1900000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 90000 ( 125000- വികസന ഫണ്ട് SCP, 775000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| 43/21 | സമ്പൂർണ്ണ ലൈഫ് ഭവന | 40000000 ( 1683408- വികസന | 3177560 ( 1557982- വികസന ഫണ്ട് |

| | | | |
|---|---|---|---|
| | പദ്ധതി | ഫണ്ട് ജനറൽ, 10000000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 2500000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1500000- ജില്ലാ പഞ്ചായത്ത് വിഹിതം, 24316592- ഹഡ്കോ ലോൺ) | ജനറൽ, 1000000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 559578- ജില്ലാ പഞ്ചായത്ത് വിഹിതം, 60000- ഹഡ്കോ ലോൺ) |

ലൈഫ് ഭവന പദ്ധതിയിൽ നാളിതുവരെ ആകെ 150 ഗുണഭോക്താക്കളാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത് . ആയതിൽ 131 പേരുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഫേസുകളിലായി എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫേസ് - 2

| വിഭാഗം | എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ചവർ | നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| ജനറൽ | 112 | 111 | 1 |
| എസ്.സി | 8 | 8 | 0 |

വാച്ച് രജിസ്റ്റർ പ്രകാരം നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താവിന്റെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വെച്ച വർഷം | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| സിന്ധു.സി W/o പ്രകാശൻ, ആണ്ടിമഠം | 2019-20 | 360000 | 08-01-21 |

മേൽ ഗുണഭോക്താവിന്റെ ഭവന നിർമ്മാണം നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതായും അവസാന ഗഡു നൽകാൻ മാത്രമാണ് ബാക്കിയുള്ളത് എന്നും നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും അറിയാൻ കഴിഞ്ഞു.

ഫേസ് 2 എ - എസ്.സി അഡീഷണൽ ലിസ്റ്റ്

| വിഭാഗം | എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ചവർ | നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| എസ്.സി | 12 | 2 | 10 ( ആദ്യ ഗഡു കൈപ്പറ്റിയവർ- 4, ബേസ് മെന്റ് പൂർത്തിയായവർ - 5, മേൽക്കൂര പൂർത്തിയായവർ - 1) |

നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള എല്ലാ ഗുണഭോക്താക്കളും 2020-21, 2021-22 വർഷങ്ങളിലായി എഗ്രിമെന്റ് വെച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിയവരാണ്.

ഫേസ് - 3

| വിഭാഗം | എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ചവർ | നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| ജനറൽ | 13 | 8 | 5 ( ബേസ് മെന്റ് പൂർത്തിയായവർ- 2, |

| | | | |
|---|---|---|---|
| | | | ലിന്റൽ ലെവൽ പൂർത്തിയായവർ- 2, മേൽക്കൂര പൂർത്തിയായവർ- 1) |
| എസ്.സി | 5 | 2 | 3 ( ബേസ് മെന്റ് പൂർത്തിയായവർ- 2, മേൽക്കൂര പൂർത്തിയായവർ-1) |

നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള എല്ലാ ഗുണഭോക്താക്കളും 2020-21, 2021-22 വർഷങ്ങളിലായി എഗ്രിമെന്റ് വെച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിയവരാണ്.

നിർദ്ദേശം

എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ സെക്രട്ടറിയുടെയും മോണിറ്ററിംഗ് സമിതിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 .വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2020-21വർഷത്തെ AFS 21-06-2022 നം 29-06-2022 നം ഇടയിൽ പരിശോധിച്ചു. ആയത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | 2020-21 വർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 421984 | 852636 | ലൈഫ് | 954654 | 319966 |
| | 59890 | 0 | പാലിയേറ്റീവ് കെയർ | 0 | 59890 |
| | 40400 | 81900 | സ്കോളർഷിപ്പ് | 81900 | 40400 |
| | 200000 * | 0 | സംയുക്ത ഭവനം (വനിത) | 0 | 200000 |
| | | 168326 | സമഗ്ര നെൽകൃഷി വികസനം(SO 196/21) | 168326 | 0 |
| | | 441280 | സമഗ്ര നെൽകൃഷി വികസനം (SO104/21) | 441280 | 0 |

| | | | | | |
|---|---|---|---|---|---|
| | | 35400 | സുഭിക്ഷ കേരളം - തരിശു ഭൂമിയിൽ നെൽകൃഷി | 35400 | 0 |
| | | 147424 | വൃദ്ധർക്ക് കട്ടിൽ | 147424 | 0 |
| | | 4200 | വാഴ കൃഷി | 4200 | |
| | | 3150 | കിഴങ്ങ് വിള കൃഷി | 3150 | 0 |
| ആകെ | 722274 | 1734316 | | 1836334 | 620256 |
| ജില്ലാ പഞ്ചായത്ത് | 910265 | 0 | ലൈഫ് | 735085 | 175180 |
| | 83000 | 275000 | സ്കോളർഷിപ്പ് | 275000 | 83000 |
| | | 368000 | സമഗ്ര നെൽകൃഷി വികസനം (SO196/21) | 368000 | 0 |
| | | 88000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | 88000 | 0 |
| | | 559578 | വീട് നിർമാണം - ജനറൽ | 559578 | 0 |
| | | 50000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് (SO 163/21) | 50000 | 0 |
| | | 403456 | സമഗ്ര നെൽകൃഷി വികസനം (SO 104/21) | 403456 | 0 |
| ആകെ | 993265 | 1744034 | | 2479119 | 258180 |

*ഈ തുക 2017-18 മുതൽ നിലനിന്ന് വരുന്നതാണ്. സംയുക്ത ഭവനം (വനിത) പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ വന്ന തുകയുടെ ബാക്കി നിൽക്കുന്നതാണിത്. ലൈഫ് ഭവനപദ്ധതി വന്നതിനാൽ ഇനി ഈ പദ്ധതി മുഖേന ചെലവുകൾ വരാത്തതിനാൽ ടി തുക തിരികെ അടവാക്കേണ്ടതാണ്.

** ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ നീക്കിബാക്കിയിൽ (ബാലൻസ് ഷീറ്റ് പ്രകാരമുള്ളത്) നിന്ന് 59887രൂ വ്യത്യാസം വരുന്നു. ആയതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണം | പ്രൊജക്ടിന്റെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | എസ്.ടി കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1. 5/11-05-20<br>2. 6/11-05-20<br>3. 11/03-06-20<br>4. 30/12-01-21 | 673000<br>( 2019-20 ൽ നിക്ഷേപിച്ച 127000 രൂപയും ഉൾപ്പെടെ ആകെ 800000 രൂപ) | 628376 | 171624 രൂപ (30-03-22 ന് ഡി.ഡി നം. 071371 തി. 23-03-22 പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്.) |
| | പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 4/11-05-20 | 130200 | - | 130200 |

| | | | | | |
|---|---|---|---|---|---|
| PWD | പണ്ടാരക്കളം അങ്കണവാടി കെട്ടിട നിർമ്മാണം തുക കൈമാറൽ | 16/08-01-2021 | 420000 (2018-19 ൽ നിക്ഷേപിച്ച 1900000 ഉൾപ്പെടെ ആകെ 2320000 രൂപ) | - | 2320000 രൂപ (25-11-21 ന് ഗ്രാമപഞ്ചായത്തിന്റെ STSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ആയിട്ടുണ്ട്- Transaction Id – 508260 Dt.25-11-21 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 60000 രൂപയിൽ 60000 രൂപ വിനിയോഗിച്ചിട്ടുണ്ട്. വായ്പ ഇനത്തിൽ ബാക്കി ഇല്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | G.O(MS) 68/2018 /18-5-18 | - | 23545311 | 4538049 | - | 19007262* |

* വായ്പ / വായ്പാതിരിച്ചടവ് സംബന്ധമായ കണക്കുകളിൽ വ്യത്യാസം ഉണ്ട്. 2019-20ലെ കണക്കുകൾ മുതൽ വ്യത്യാസം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2019-20ലെ വിശദാംശങ്ങൾ

| | യഥാർത്ഥ കണക്കുകൾ | AFS പ്രകാരമുള്ള കണക്കുകൾ |
|---|---|---|
| മുൻബാക്കി | 15757863 | 15757863 |
| വരവ് | 7701566 | 11101566 (ഇതിൽ 3400000രൂ. ലൈഫ് സ്റ്റേറ്റ് ഷെയർ ആണ്. ലോൺ അല്ല) |
| ആകെ | 23459429 | 26859429 |
| ചെലവ് | 1750000 | 3314118 (അധികം ചെലവ് രേഖപ്പെടുത്തിയത് 1564118) |
| നീക്കിയിരുപ്പ് | 21709429 | 23545311 |
| തൻവർഷത്തെ നീക്കിബാക്കിയിൽ സംഭവിച്ച വ്യത്യാസം | 1835882 | |

2020-21 ലെ വിശദാംശങ്ങൾ

| | യഥാർത്ഥ കണക്കുകൾ | AFS പ്രകാരമുള്ള കണക്കുകൾ |
|---|---|---|
| മുൻബാക്കി | 21709429 | 23545311 |
| വരവ് | 0 | 0 |
| ആകെ | 21709429 | 23545311 |
| ചെലവ് | 1916668 | 4538049 |
| നീക്കിയിരുപ്പ് | 19792761 | 19007262 |
| തൻവർഷത്തെ നീക്കിബാക്കിയിൽ സംഭവിച്ച വ്യത്യാസം | 775499 | |

വ്യത്യാസങ്ങൾ ക്രമീകരിച്ച് തുടർവർഷങ്ങളിലെ വാർഷിക ധനകാര്യപത്രിക ക്രമീകരിക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 267014 രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയുള്ള റിക്കവറികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | തുക | ഒടുക്കിയ ആളിന്റെ വിവരങ്ങൾ | രസീതി നം. , തീയ്യതി |
|---|---|---|---|---|
| 2018-19 | 1-11 | 267014 ( രണ്ട് വർഷത്തെയും തുക) | ഹോസ്റ്റൽ വാർഡൻ | 120040500005/ 29-6-20 |
| ആകെ | | 267014 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 10762246 |
| ഓഡിറ്റ് വർഷത്തെ വരവ് | 74800400 |
| ആകെ | 85562646 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 70846617 |
| നീക്കിയിരിപ്പ് | 14716029 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37400 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 37400 | ഷൈല മേരി,<br>ഹെഡ് മാസ്റ്റർ |
| ആകെ. | 37400 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 20329 | അജിത്ത് കുമാർ, |

| | | |
|---|---|---|
| | | അസി.എഞ്ചിനീയർ |
| 1-20 | 39229 | അജിത്ത് കുമാർ, അസി.എഞ്ചിനീയർ |
| ആകെ. | 59558 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജിത്ത് കുമാർ, അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ, അകത്തേത്തറ ഗ്രാമപഞ്ചായത്ത് | മൈലാവിൽ ഹൗസ് , മങ്കര പി.ഓ പാലക്കാട് 678613 |
| ഷൈല മേരി, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, | 7/120- സാരംഗ്, ബാങ്ക് കോളനി, ആണ്ടിമഠം. കടുക്കാംകുന്ന് . പി.ഓ 678651 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് | തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.പി6-251/98/ 25-9-98 | ഫർദർ റിമാർക്സ് | 12 |
| 1997-98 | നം. കെ.എസ്.എ. പി.കെ.ഡി14/301/19/ 23.01.2021 | ഫർദർ റിമാർക്സ് | 11 |
| 1998-99 | | | 06 |
| 1999-00 | എൽ.എഫ്.പി6-1144/01/ 15-1-02 | ഫർദർ റിമാർക്സ് | - |
| 2000-01 | നം. കെ.എസ്.എ. പി.കെ.ഡി14/301/19/ 23.01.2021 | ഫർദർ റിമാർക്സ് | 19 |
| 2001-02 | | | 08 |
| 2002-03 | | | 07 |
| 2003-04 | | | 06 |
| 2004-05 | | | 02 |
| 2005-06 | | | 07 |
| 2006-07 | | | 09 |
| 2007-08 | എൽ.എഫ്.പി14-38/2011 /24-1-11 | ഫർദർ റിമാർക്സ് | 7 |
| 2008-09 | കെ.എസ്.എ-പി.കെ.ഡി. 14-212/16/ 27-10-2016 | കത്ത് | 2 |
| 2009-10 | എൽ.എഫ്.പി14-2088/2012/ 9.11.2012 | കത്ത് | 3 |
| 2010-11 | കെ.എസ്.എ-പി.കെ.ഡി.14-215/15/14.10.16 | ഫർദർ റിമാർക്സ് | 6 |

| | | | |
|---|---|---|---|
| 2011-12 | എൽ.എഫ്.പി14-1787/2015/ 30-5-2016/22.8.16 | ഫർദർ റിമാർക്സ് | 16 |
| 2012-13 | നം.കെ.എസ്.എ-പി.കെ.ഡി 14/ 303/16/18.10.16 | ഫർദർ റിമാർക്സ് | 11 |
| 2013-14<br>2014-15 | നം.കെ.എസ്.എ-പി.കെ.ഡി 14/2264/16,29-03-2017 | ഫർദർ റിമാർക്സ് | 8 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി. 14/210/2017/8.01.2018 | ഫർദർ റിമാർക്സ് | 6 |
| 2016-17 | നംകെ.എസ്.എ.പി.കെ.ഡി. 847/2018/4.06.2018 | ഫർദർ റിമാർക്സ് | 11 |
| 2017-18 | നം. കെ.എസ്.എ. പി.കെ.ഡി14/85 /19/15.10.2019 | ഫർദർ റിമാർക്സ് | 39 |
| 2018-19 | നം. കെ.എസ്.എ. പി.കെ.ഡി14/792 /2020/25.06.2020 | റിപ്പോർട്ട് | 36 |
| 2019-20 | നം. കെ.എസ്.എ. പി.കെ.ഡി14/673/21 | റിപ്പോർട്ട് | മുഴവൻ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| Akathethara Grama Panchayat<br>Receipt and Payment Report | | | |
|---|---|---|---|
| For the period from 01-04-2020 to 31-03-2021 | | | |
| Code | Head Account | Schedule No. | Current Year Amount (Rs.) |
| Opening Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 10,762,246.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 4,076,190.00 |
| 130000000 | Head 3 | RP-3 | 123,500.00 |
| 140000000 | Fees & User Charges | RP-4 | 825,046.00 |
| 150000000 | Sale & Hire Charges | RP-5 | 106,965.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51,143,195.00 |
| 171000000 | Interest Earned | RP-9 | 281,013.00 |
| 190000000 | Prior Period Income | RP-11 | 11,608.00 |
| 210000000 | Establishment Expenses | RP-12 | 200.00 |
| 230000000 | Operations & Maintenance | RP-14 | 11,200.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 10,302,732.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5,147,174.00 |
| 460000000 | Loans, Advances and Deposits | RP-49 | 1,456,201.00 |
| Non-Operating | | | |
| 180000000 | Other Income | RP-10 | 367,126.00 |
| 340000000 | Deposits Received | RP-33 | 243,179.00 |
| 350000000 | Other Liabilities | RP-35 | 679,826.00 |
| | Total : | | 85,537,401.00 |
| Payments | | | |
| Operating | | | |
| 190000000 | Prior Period Income | RP-11 | 93,100.00 |
| 210000000 | Establishment Expenses | RP-12 | 3,396,009.00 |
| 220000000 | Administrative Expenses | RP-13 | 696,319.00 |
| 230000000 | Operations & Maintenance | RP-14 | 2,760,161.00 |
| 240000000 | Interest & Finance Charges | RP-15 | 188.00 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 6,729,372.00 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 14,816,385.00 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 11,917,123.00 |
| 254000000 | State Sponsored Schemes | RP-19 | 19,358.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 50,000.00 |
| 260000000 | Grants, Contributions and Compensations from<br>Own Fund | RP-21 | 1,825,339.00 |
| 290000000 | Prior Period Item | RP-25 | 117,122.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1,712,276.00 |
| 412000000 | Capital Work In Progress | RP-39 | 4,447,437.00 |
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 368,112.00 |

| | | | |
|---|---|---|---|
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 365,463.00 |
| 460000000 | Loans, Advances and Deposits | RP-49 | 873,235.00 |
| 470000000 | Other Assets | RP-50 | 540,786.00 |
| Non-Operating | | Akathethara Grama Panchayat<br><br>Receipt and Payment Report | |
| 340000000 | Deposits Received | RP-33 | 170,700.00 |
| 350000000 | Other Liabilities | RP-35 | 19,768,595.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | RP-40 | 154,292.00 |
| Closing Balance | | | |
| 450000000 | Cash and Bank balance | RP-40(b) | 14,716,029.00 |
| | Total : | | 85,537,401.00 |

ഡെപ്യൂട്ടി ഡയറക്ടർ

Akathethara Grama Panchayat

Income & Expenditure Statement

For the period from 01-04-2020 to 31-03-2021

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 9,117,792.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 203,852.00 |
| 140000000 | Fees & User Charges | I-4 | 889,946.00 |
| 150000000 | Sales & Hire Charges | I-5 | 106,965.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 119,868,379.00 |
| 170000000 | Income from Investments | I-7 | 0.00 |
| 171000000 | Interest Earned | I-8 | 281,013.00 |
| 180000000 | Other Income | I-9 | 367,126.00 |
| A | Total - INCOME | | 130,835,073.00 |
| 210000000 | Establishment Expenses | I-10 | 13,949,019.00 |
| 220000000 | Administrative Expenses | I-11 | 1,799,772.00 |
| 230000000 | Operations & Maintenance | I-12 | 4,150,657.00 |
| 240000000 | Interest & Finance Charges | I-13 | 1,421.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 5,413,559.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 19,990,266.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 13,351,910.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 1,825,339.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 62,251,994.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 188,963.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 0.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 2,868,243.00 |
| 190000000 | Prior Period Income | I-19 | -105,095.00 |
| B | B - Total : EXPENDITURE | | 125,791,143.00 |
| C = A-B | Gross Surplus / (deficit) of income over expenditure before Prior Period | | 5,043,930.00 |

| | | | |
|---|---|---|---|
| | Items. | | |

ഡെപ്യൂട്ടി ഡയറക്ടർ

| Akathethara Grama Panchayat Balance Sheet | | | |
|---|---|---|---|
| Balance Sheet as on 31-03-2021 | | | |
| Code No | Description of items | Schedule No. | Current Year Amount (Rs.) |
| 310000000 | Panchayat (General) Fund | B-1 | 35,404,132.75 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 25,445,375.00 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 7,245,343.00 |
| 330000000 | Secured Loans | B-5 | 19,007,262.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 1,819,516.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 2,587,060.25 |
| 360000000 | Provisions | B-10 | 56,206.00 |
| | Total : | | 91,564,895.00 |
| 410000000 | Fixed Assets | B-11 | 6,675,987.00 |
| 412000000 | Capital Work-in-Progress | B-11(b) | 1,669,972.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 492,047.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 20,584,720.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 28,294,544.00 |
| 416000000 | Accumulated Depreciation | B-11(a) | -8,195,755.00 |
| 420000000 | Investment -General Fund | B-12 | 0.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 110,555.00 |
| 431000000 | Sundry Debtors (Receivables) | B-15 | 2,986,176.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |
| 440000000 | Pre-paid Expenses | B-16 | 23,545,311.00 |
| 450000000 | Cash and Bank Balance | B-17 | 14,716,029.00 |
| 460000000 | Loans, advances and deposits | B-18 | 685,309.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | Total : | | 91,564,895.00 |

ഡെപ്യൂട്ടി ഡയറക്ടർ